LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ഉല്പാദനത്തിൽ ലക്ഷ്യമിട്ടിരുന്ന വർദ്ധനവ്

140 (5545) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വൈദ്യുതി ഉല്പാദനത്തിൽ എത്ര മെഗാവാട്ടിന്റെ വർദ്ധന വരുത്താനാണ് ലക്ഷ്യമിട്ടതെന്ന് വെളിപ്പെടുത്തുമോ ; അതിൽ ഇക്കാലയളവിൽ എത്ര മെഗാവാട്ട് കൂടുതൽ ഉല്പാദിപ്പിക്കാൻ കഴിഞ്ഞു ;

(ബി) ചെറുകിട, വൻകിട പദ്ധതികൾ, മിനിപ്രോജക്ട്സ്, വിൻഡ് എനർജി, തുടങ്ങിയ ഓരോ വിഭാഗത്തിലും എത്ര മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധന ലക്ഷ്യമിട്ടിരുന്നു എന്നും ഓരോ വിഭാഗത്തിൽ നിന്നും എത്ര വീതം നേടാനായി എന്നും വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അടുത്ത അഞ്ച് വർഷത്തിനകം 500 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇക്കാലയളവിൽ ഇതുവരെ 198.75 മെഗാവാട്ട് സ്ഥാപിത ശേഷി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു.

വൻകിട പദ്ധതി	100 MW
ചെറുകിട പദ്ധതി	35.75 MW
വിൻഡ് എനർജി	30.45 MW
നവീകരണ പുനരുദ്ധാരണ പ്രവർത്തി വഴിയുള്ള ശേഷി വർദ്ധനവ്	22.55 MW
കോ-ജനറേഷൻ	10.00 MW
ആകെ	198.75 MW

കൂടാതെ 123.55 മെഗാവാട്ടിന്റെ 8 പദ്ധതികളുടെ പണി പുരോഗമിക്കുന്നു. പുറമേ സ്വകാര്യ മേഖലയിൽ 18.0 മെഗാവാട്ടിന്റെ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനവും പുരോഗമിക്കുന്നു.

വൈദ്യുതി ഉല്പാദത്തിലുണ്ടായ വർദ്ധനവ്

141 (5546) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ ആകെ വൈദ്യുതി ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; എങ്കിൽ പദ്ധതി തിരിച്ച് വിശദമാക്കുമോ ?